പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4056 16.12.2014-ൽ മറുപടിക്ക്

## ഗുരുവായൂർ തിരുനാവായ റെയിൽവെ ലൈൻ

ചോദ്യം

ശ്രീ. ബാബു എം. പാലിശ്ശേരി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കുന്നംകുളം ആർത്താറ്റ് വഴിയുള്ള ഗുരുവായൂർ തിരുനാവായ റെയിൽവെ ലൈനിന്റെ പ്രവർത്തന പുരോഗതി എന്താണെന്ന് അറിയിക്കാമോ; | (എ) | ഗുരുവായൂർ - തിരുനാവായ റെയിൽവേ ലൈനിന്റെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് മലപ്പുറം ജില്ലാ കളക്ടറും റെയിൽവേയും കൂടി നിർദ്ദേശിച്ചിട്ടുള്ള, കനോലി-കനാലിന് സമീപത്തുകൂടി അന്തിമമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 27.10.2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുന്നംകുളം വഴിയുള്ള അലൈൻമെന്റ് സ്വീകരിക്കുന്നതിനാണ് തീരുമാനിച്ച് റെയിൽവേക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | ഇതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുവോ; | (ബി) | ലൊക്കേഷൻ സർവ്വെ പൂർത്തിയായിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറക്ക് മാത്രമേ സർവ്വെ നടപടികൾ ആരംഭിക്കുകയുള്ളൂ. |
| (സി) | പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും | ബജറ്റിന് മുന്നോടിയായി റയിൽവേയ്ക്ക് സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിലൂടെയും, കേരളത്തിലെ എം.പി.മാർ മുഖേനയും ഈ ആവശ്യം സംസ്ഥാന സർക്കാർ നിരന്തരം ഉന്നയിക്കുന്നുണ്ട്. |
| (ഡി) | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ